**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2902** **14-09-2023 - ൽ മറുപടിയ്ക്ക്**

**റിസ്ക് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ ബാങ്കുകളിൽ നിന്നും ലോൺ എടുത്തവർ മരണപ്പെട്ടപ്പോൾ അവരുടെ കുടുംബത്തിന് ലഭിക്കേണ്ട റിസ്ക് ഫണ്ട് അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംഘം/ബാങ്കുകളിൽ നിന്ന് കൃത്യമായ രീതിയിൽ അപേക്ഷയും അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാൽ ഉണ്ടാകുന്ന ന്യൂനതകൾ പരിഹരിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം മൂലം റിസ്ക് ഫണ്ട് അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകാറുണ്ട്. എല്ലാ അപേക്ഷകളിലും ത്വരിതഗതിയിൽ നടപടികൾ പൂർത്തിയാക്കി അർഹതപ്പെട്ട വായ്പാക്കാർക്ക് മുൻഗണനാക്രമത്തിൽ ധനസഹായം അനുവദിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ബോർഡ് സ്വീകരിച്ചുവരുന്നു. കാലതാമസം ഒഴിവാക്കി റിസ്ക് ഫണ്ട് ആനുകൂല്യം വിതരണം ചെയ്യുന്നതിനായി എല്ലാ ജില്ലകളിലും കുടിശ്ശിക ഉള്ള ഫയലുകളിൽ തീർപ്പ് കല്പിക്കുന്നതിനായി ഫയൽ അദാലത്തുകളും നടത്തിവരുന്നുണ്ട്. |
| (ബി) | പ്രസ്തുത ആനുകൂല്യം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഓൺലൈൻ മുഖേന നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | പരിഗണനയിലുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ ലഭിച്ചിട്ടുള്ള അപേക്ഷകളിൽ ഇനിയും എത്ര പേർക്കാണ് റിസ്ക് ഫണ്ട് അനുവദിക്കാനുള്ളത്; വിശദമാക്കാമോ? | (സി) | സഹകരണ വികസന ക്ഷേമനിധി ബോർഡിൽ, കോഴിക്കോട് ജില്ലയിൽ നിന്നും റിസ്ക് ഫണ്ട് ധനസഹായത്തിനായി ലഭിച്ച 1616 അപേക്ഷകൾ ബാക്കിനില്പുണ്ട്. ഇതിൽ 62 അപേക്ഷകൾ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പാലിക്കാത്തവയും, 522 അപേക്ഷകൾ ന്യൂനത പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ ബാങ്ക്/ സംഘത്തിന് തിരികെ നല്കിയിട്ടുള്ളതുമാണ്. ബാക്കിയുള്ള 1032 അപേക്ഷകളിൽ സമയബന്ധിതമായി ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ